പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 465 06.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. -യിൽ സെക്രട്ടേറിയറ്റ് മാതൃകയിൽ പഞ്ചിംഗ്

ചോദ്യം

ശ്രീ. പി. ഉബൈദുള്ള

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഓഫീസുകളിൽ സെക്രട്ടേറിയറ്റ് മാതൃകയിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും അവയുടെ നിരീക്ഷണത്തിനും മെയിന്റനൻസിനും അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ തിരുവനന്തപുരത്തുള്ള സെൻട്രൽ വർക്ക്ഷോപ്പിലും, മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നീ റീജിയണൽ വർക്ക്ഷോപ്പുകളിലും വളരെ മുമ്പ് തന്നെ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിരുന്നു. 2009 -ൽ ഈ വർക്ക്ഷോപ്പുകളിൽ ആധുനിക ബയോമെട്രിക് സംവിധാനമുള്ള പഞ്ചിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ഓഫീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്ന നിലയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. -യുടെ സാമ്പത്തിക പരാധീനത, പഞ്ചിംഗ് സംവിധാനവും അതിന്റെ ക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് അനുവദിക്കുന്നില്ലെങ്കിൽ അത് പരിഹരിക്കാൻ സർക്കാർ പ്രത്യേക സഹായം നല്കി അത് സ്ഥാപിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ? | (ബി) | കെ.എസ്.ആർ.ടി.സി.യിലെ ആധുനികവത്കരണം, കംപ്യൂട്ടറൈസേഷൻ, ഇ-ഗവേണൻസ് മുതലായവയ്ക്ക് സർക്കാർ ബജറ്റ് വിഹിതമായി വർഷം തോറും പ്ലാൻ ഫണ്ട് അനുവദിച്ചു വരുന്നുണ്ട്. 2011-12 സാമ്പത്തിക വർഷം 42 കോടി രൂപയും 2012-13 -ൽ 57.07 കോടി രൂപയും ഇത്തരത്തിൽ അനുവദിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യുടെ ആധുനികവത്കരണം പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും പരിഗണിക്കുവുന്നതാണ്. |

സെക്ഷൻ ഓഫീസർ